## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 6585

**ചോദ്യം**
ശ്രീ.കെ.കെ. നാരായണൻ

**ഉത്തരം**
ശ്രീ.കെ.എം. മാണി
(ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | കൊച്ചി മെട്രോയുടെ വർക്ക് കോൺട്രാക്റ്റ് ടാക്സ് ഒഴിവാക്കികൊടുത്തത് ടെണ്ടർ നടപടി പൂർത്തീകരിച്ചതിന് ശേഷമാണെന്നുള്ളത് ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | മറ്റു സംസ്ഥാനങ്ങൾ മെട്രോ പോലെയുള്ള പദ്ധതികൾക്ക് നൽകിയ ഇളവുകൾക്ക് സമാനമായി, നിർദ്ദിഷ്ട വ്യവസ്ഥകൾക്ക് വിധേയമായി ഈ പദ്ധതിയിന്മേലുള്ള വർക്ക്സ് കോൺട്രാക്റ്റ് നികുതി ഒഴിവാക്കുന്നതാണെന്ന് കേരള ബജറ്റ് 2014-ൽ പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് കേരളാ ധനകാര്യ ബിൽ 2014-ൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തിരുന്നു. നികുതി ഒഴിവാക്കി നൽകുന്നതുകൊണ്ട് ടെണ്ടർ എടുത്ത കമ്പനികൾക്ക് പ്രത്യേക ഗുണം ലഭ്യമാകുമോ എന്നത് കരാർ വ്യവസ്ഥകൾ പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| ബി | ഈ വിധത്തിൽ ടാക്സ് ഒഴിവാക്കി കൊടുക്കുന്നത് കൊണ്ട് വർക്ക് ടെണ്ടർ എടുത്ത കമ്പനികൾക്കാണ് ഇതിന്റെ ഗുണം ലഭ്യമാകുക എന്നത് ധനകാര്യവകുപ്പ് ശ്രദ്ധിച്ചിട്ടുണ്ടോ? | |
| സി | ഉണ്ട് എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | |
| ഡി | കൊച്ചി മെട്രോയുടെ ഇതുവരെ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ തുക ഓരോ പ്രവൃത്തിക്കും എത്ര വീതമാണെന്ന് അറിയാമോ; | ഇതിനകം നൽകിയ ജോലികളുടെ മൂല്യം ചുവടെ ചേർക്കുന്നു.<br>സിവിൽ - ₹.1615.37 കോടി<br>ഇലക്ട്രിക്കൽ - ₹.20.09 കോടി<br>ഡി.ഡി.സി. - ₹.26.78 കോടി<br>ആകെ - **₹.1662.24 കോടി** |

| | | |
|---|---|---|
| ഇ | വർക്ക് കോൺട്രാക്റ്റ് ടാക്സ് ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് സർക്കാരിന് നഷ്ടം വരുന്ന തുക എത്രയാണെന്ന് ധനകാര്യവകുപ്പ് കണക്കാക്കിയിട്ടുണ്ടോ; | നികുതി ഇളവുകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരിക്കണമെന്നുള്ളത് പരിശോധിച്ച് വരുന്നു. ഡി.എം.ആർ.സി. യുടെ എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന നികുതിയിനത്തിൽ 263.96 കോടി രൂപ ആവശ്യമായി വരും. കേന്ദ്രാനുമതി പ്രകാരം 237.33 കോടി രൂപയായിരുന്നു കണക്കാക്കിയിരുന്നത്. |
| എഫ് | ഉണ്ട് എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | |

സെക്ഷൻ ഓഫീസർ